# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2721      09.03.2017-ൽ മറുപടിയ്ക്ക്

### മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്ഥിരം അധ്യാപകർ

ചോദ്യം

ശ്രീ.ഐ.ബി.സതീഷ്

മറുപടി

ശ്രീ. എ.കെ. ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്ഥിരം അധ്യാപകരുടെ എത്ര ഒഴിവുകളുണ്ട്; മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഈ ഒഴിവുകൾ തടസ്സമാകുന്നുണ്ടോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ സ്ഥിരം അദ്ധ്യാപകരുടെ 80 ഒഴിവുകളുണ്ട്. ഈ ഒഴിവുകളിലേക്ക് അധ്യയന വർഷാരംഭത്തിൽ തന്നെ അതത് വർഷക്കാലത്തേക്ക് നിയമനം നടത്തുന്നുണ്ട്. |
| ബി) | അധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്താണ്; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | ബി) | അദ്ധ്യാപക തസ്തികകൾ പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർസെക്കണ്ടറി വകുപ്പ് എന്നീ വകുപ്പുകൾക്ക് കീഴിലാണുള്ളത്. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച തുടർനടപടികൾ ടി വകുപ്പുകളാണ് ചെയ്തു വരുന്നത്. |
| സി) | ലൈബ്രറി, ലബോറട്ടറി, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ | സി) | ലൈബ്രറി, ലബോറട്ടറി എന്നിവ എല്ലാ എം.ആർ.എസ്-കളിലും നിലവിലുണ്ട്. 7 എം.ആർ.എസുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള മറ്റ് |

| | | | |
|---|---|---|---|
| | പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | | എം.ആർ.എസുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയവ വിദ്യാർത്ഥികൾക്ക് ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ